"ഭരണഭാഷ മാതൃഭാഷ"

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

രജി. ഓഫീസ്: വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം -695 004,കേരള

CIN:U40100KL2011SGC027424 വെബ്സൈറ്റ്: www.kseb.in

ചീഫ് എഞ്ചിനീയർ (REES) & ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

ടെലഫോൺ നമ്പർ: 0471 2514554 ഇമെയിൽ : safety@kseb.in

നമ്പർ:- സേഫ്റ്റി / സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിംഗ് മിനിറ്റ്സ് / 2021-22/ 295 തീയതി : 16:12/2021

09.11.2021-ന് രാവിലെ 10.30 മണിക്ക് വീഡിയോ കോൺഫറൻസ് വഴി കൂടിയ

സംസ്ഥാനതല സേഫ്റ്റി കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ്

പങ്കെടുത്തവർ:

1. ശ്രീമതി. മിനി ജോർജ്ജ് , ഡയറക്ടർ (പ്ലാനിംഗ്, സേഫ്റ്റി & എസ്.സി.എം.)
2. ശ്രീ. സുധീർ ജി. , ചീഫ് എഞ്ചിനിയർ (ആർ.ഇ.ഇ.എസ്) &ചീഫ് സേഫ്റ്റി കമ്മിഷണർ
3. ശ്രീമതി.ഷീബ എബ്രഹാം, അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ.
4. ശ്രീ.രഞ്ജിത്ത് കുമാർ വി , ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ഡിസ്ട്രിബ്യൂഷൻ(സൗത്ത്)
5. ശ്രീ. എൻ. സന്തോഷ് കുമാർ, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ഡിസ്ട്രിബ്യൂഷൻ (സെൻട്രൽ)
6. ശ്രീമതി. ഭാഗ്യലക്ഷ്മി.എസ്., ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ഡിസ്ട്രിബ്യൂഷൻ (നോർത്ത്)
7. ശ്രീമതി ലത റ്റി.കെ., ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർറുടെ ചാർജുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സർക്കിൾ, കണ്ണൂർ.
8. ശ്രീ. കെ. പി. നടരാജ് , ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ട്രാൻസ്മിഷൻ (സൗത്ത്)
9. ശ്രീ. ബിജോയ്, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ട്രാൻസ്മിഷൻ (നോർത്ത്)
10. ശ്രീ. അഷ്റഫ് വി.എ., ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ജനറേഷൻ
11. ശ്രീമതി. ലീലാമ്മ എ. (ഡിസ്ട്രിബ്യൂഷൻ & ഐ. റ്റി.)ഡയറക്ടറുടെ ടി.എ.
12. ശ്രീമതി. രേഖ റ്റി.ആർ, എക്സിക്യൂട്ടീവ് എഞ്ചിനിയർ, (പ്ലാനിംഗ്, സേഫ്റ്റി & എസ്.സി.എം.) ഡയറക്ടറുടെ ടി.എ.

13. ശ്രീ. റാം മഹേഷ് ആർ, ചീഫ് പെഴ്സണൽ ഓഫീസർ

14. ശ്രീ. ഹരിലാൽ എസ്., KSEBWA

15. ശ്രീ. സുനിൽ കുമാർ കെ പി ., UDEEF

16. ശ്രീ. മോഹൻദാസ് കെ. ആർ., KEWF

17. ശ്രീ. ശ്യാം കുമാർ കെ., KSEBOA

18. ശ്രീമതി. ഗീത വി.എസ്., KSEBEA

19. സുരേഷ് കുമാർ എസ്., KPBOF

20. ശ്രീ. അനന്തകൃഷ്ണൻ.എം.ജി , KEOF

21. ശ്രീ. നൌഷാദ്, KEOC

22. ശ്രീമതി. മഞ്ജു എസ്.ദേവ്, എക്സിക്യൂട്ടീവ് എഞ്ചിനിയർ, ചീഫ് സേഫ്റ്റി കമ്മീഷണറുടെ ഓഫീസ്

23. ശ്രീ. ഷാജ് കുമാർ.ജി, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഡയറക്ടർ (ജനറേഷൻ.ഇല)

24. ശ്രീമതി.ഷംല . എ, AEE, ചീഫ് സേഫ്റ്റി കമ്മീഷണറുടെ ഓഫീസ്

25. ശ്രീ . അജയ് ശ്രീഹർഷൻ, AEE, ചീഫ് സേഫ്റ്റി കമ്മീഷണറുടെ ഓഫീസ്

26. ശ്രീ . ബൈജു കെ.സി , AE, ചീഫ് സേഫ്റ്റി കമ്മീഷണറുടെ ഓഫീസ്.

27. ശ്രീമതി . പ്രീത വി., AE, ചീഫ് സേഫ്റ്റി കമ്മീഷണറുടെ ഓഫീസ്.

ചീഫ് സേഫ്റ്റി കമ്മീഷണറുടെ അധ്യക്ഷതയിൽ രാവിലെ 10.30-ന് വീഡിയോ കോൺഫറൻസിലൂടെ മീറ്റിംഗ് ആരംഭിച്ചു. തുടർന്ന് കഴിഞ്ഞ മീറ്റിങ്ങിനു ശേഷം നടന്ന അപകടങ്ങളിൽ ജീവൻ നഷ്ടപ്പെട്ട ജീവനക്കാർക്കുവേണ്ടി ഒരു മിനിട്ട് മൗനപ്രാർത്ഥന നടത്തി അനുശോചിച്ചു. ചീഫ് സേഫ്റ്റി കമ്മീഷണർ എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. തുടർന്ന് ശ്രീമതി. മിനി ജോർജ്ജ് , ഡയറക്ടർ (പ്ലാനിംഗ് , സേഫ്റ്റി & എസ്.സി.എം.) അവർകൾ സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിംഗിന്റെ ഉത്ഘാടനം നിർവ്വഹിച്ചു.

കോവിഡ് സാഹചര്യം മാറിയ സാഹചര്യത്തിൽ കോവിഡ്പ്രോട്ടോക്കോൾ

പാലിച്ചുകൊണ്ട് എല്ലാ സെക്ഷൻ ഓഫീസുകളിലും കൃത്യമായി സൺറൈസ് മീറ്റിംഗ് നടത്തണമെന്നും അക്കാര്യം ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർമാർ ഉറപ്പാക്കണമെന്നും ചീഫ് സേഫ്റ്റി കമ്മിഷണർ നിർദ്ദേശിച്ചു. 2022 'അപകടരാഹിത' വർഷമായി ബോർഡ് പ്രഖ്യാപിച്ചിരിക്കുകയാണെന്നും അതിനുവേണ്ട നടപടികൾ തീരുമാനിക്കേണ്ടതായിട്ടുണ്ടെന്നും ചീഫ് സേഫ്റ്റി കമ്മിഷണർ അറിയിച്ചു. തുടർന്ന് കഴിഞ്ഞ മീറ്റിങ്ങിനു ശേഷം നടന്ന വൈദ്യുത അപകടങ്ങളുടെ എണ്ണം മേഖലാടിസ്ഥാനത്തിൽ പറയുകയും അവയുടെ വിശദമായ വിവരണം ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർമാർ നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഇതേ കാലയളവിൽ കഴിഞ്ഞ വർഷത്തിൽ നടന്ന അപകടങ്ങളെക്കാൾ ഈ വർഷം അപകടങ്ങൾ കുറഞ്ഞെങ്കിലും അവ തീർത്തും ഇല്ലാതാക്കുന്നതിനുവേണ്ട പരിശ്രമങ്ങളാണ് നടക്കേണ്ടതെന്നും ചീഫ് സേഫ്റ്റി കമ്മിഷണർ അഭിപ്രായപ്പെട്ടു . കഴിഞ്ഞ മാസങ്ങളിൽ സുരക്ഷാ പരിശോധനകൾ കുറഞ്ഞതയിട്ടാണ് കാണുന്നത്. എല്ലാ സുരക്ഷാ ഓഫീസർമാരും കൃത്യമായ പരിശോധനകൾ നടത്തേണ്ടതാണ്. പൊതുജനങ്ങൾക്കുണ്ടാകുന്ന അപകടങ്ങൾ അധികവും കമ്പി പൊട്ടി വീഴുന്നതു കാരണവും ഇരുമ്പു തോട്ടി ഉപയോഗിക്കുന്നതു കാരണവുമാണ്. കൂടാതെ അനധികൃതമായി ലൈനുകളിൽ ജോലിചെയ്യുന്നതിന്റെ ഫലമായും (കേബിൾ റ്റി.വി. ഓപ്പറേറ്റർമാർ) വൈദ്യുത അപകങ്ങൾ ഉണ്ടാകുന്നുണ്ട്. പൊതുജനങ്ങൾക്കു സംഭവിക്കുന്ന അപകടങ്ങൾ ഇല്ലാതാക്കുന്നതിന് കൂടുതൽ പൊതുജന ബോധവൽക്കരണം നടത്തേണ്ടതാണെന്നും ചീഫ് സേഫ്റ്റി കമ്മിഷണർ അഭിപ്രായപ്പെട്ടു. കോവിഡ് നിയന്ത്രണങ്ങളുടെ പേരിൽ സെക്ഷനോഫീസുകളിൽ മെയിന്റനൻസ് ജോലികൾ കുറഞ്ഞതായിട്ടാണ് കാണുന്നത്. വെളിയം സെക്ഷനിൽ സംഭവിച്ച ദാരുണമായ വൈദ്യുത അപകടത്തിൻറെ പശ്ചാതലത്തിൽ ലൈൻ പട്രോളിംഗ് കൂടുതൽ ഉര്ജിതപെടുത്തണമെന്ന് നിർദേശിച്ചു. കൺസ്യൂമർ പ്രിമയിസസിൽ നടക്കുന്ന വൈദ്യുത അപകടങ്ങൾക്ക് പ്രധാന കാരണം ഇ.എൽ.സി.ബി ഇല്ലാത്തതാണെന്നും ചീഫ് സേഫ്റ്റി കമ്മിഷണർ അഭിപ്രായപ്പെട്ടു .

ശ്രീ. അഷ്റഫ് വി.എ., ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ജനറേഷൻ

കഴിഞ്ഞ സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിംഗിനുശേഷം ജനറേഷൻ മേഖലയിൽ അപകടങ്ങളൊന്നും തന്നെ ഉണ്ടായിട്ടില്ല എന്ന് ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ജനറേഷൻ അറിയിച്ചു. ജനറേഷൻ മേഖലയിലെ എല്ലാ സുരക്ഷാ ഉദ്യോഗസ്ഥന്മാരും ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ നേരിട്ടും സേഫ്റ്റി ഇൻസ്പെക്ഷനുകൾ നടത്തിവരുന്നതായി അറിയിച്ചു. സുരക്ഷാ ബോധവത്കരണ ട്രെയിനിംഗുകൾ പൂർവ്വസ്ഥിതിയിൽ നടത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ

നൽകുന്നതാണെന്നും ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ജനറേഷൻ അഭിപ്രായപ്പെട്ടു. കൂടാതെ ഇൻസ്പെക്ഷനുകൾ നടത്തിയപ്പോൾ പവർ ഹൗസുമായി ബന്ധപ്പെട്ട സ്വിച്ച് യാർഡ്കളിൽ ഏതെങ്കിലും ഒരു ബേയിൽ വർക്ക് നടക്കുമ്പോൾ മറ്റു ബേകൾ ലൈവായിരിക്കുന്ന സാഹചര്യത്തിൽ വേണ്ട സുരക്ഷാ മുൻകരുതലുകൾ ഉപയോഗിച്ചു കാണുന്നില്ല എന്നും ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ജനറേഷൻ അഭിപ്രായപ്പെട്ടു. സേഫ്റ്റി മാനുവൽ എല്ലാ പവർ ഹൗസിൽ നിന്നും മോഡിഫിക്കേഷൻ നടത്തി ലഭ്യമാക്കുന്നതിനും ബുക്ക് പ്രിന്റ് ചെയ്തു കിട്ടുന്നതിനും സമയം ആവശ്യമായതിനാൽ നവംബർ മാസം അവസാനത്തോടെ പൂർത്തിയാക്കി നല്കുന്നതാണെന്ന് ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ജനറേഷൻ അറിയിച്ചു.

ശ്രീ. കെ. പി. നടരാജ് , ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ട്രാൻസ്മിഷൻ (സൗത്ത്)

കഴിഞ്ഞ സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിംഗിനുശേഷം (ട്രാൻസ്മിഷൻ സൗത്ത്) മേഖലയിൽ ഉണ്ടായ അപകടങ്ങളെക്കുറിച്ച് ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ട്രാൻസ്മിഷൻ (സൗത്ത്) വിശദീകരിച്ചു. വാഴത്തോപ്പ് ലൈൻ മെയിൻറ്റെനൻസ് സെക്ഷനിൽ നടന്ന വൈദ്യുത അപകടത്തിൽ ഉയരം കൂടിയ ഒരു വാഴയുടെ സാന്നിധ്യം കാരണമാണ് പന്നിവളർത്തൽ കേന്ദ്രത്തിലെ 21 പന്നികൾക്ക് സ്റ്റെപ്പ് പൊട്ടൻഷ്യൽ വഴി ജീവഹാനി സംഭവിച്ചത്. തുടർന്ന് ട്രാൻസ്മിഷൻ (സൗത്ത്) മേഖലയിലെ എല്ലാ ട്രാൻസ്മിഷൻ ലൈനുകളുടെ കീഴിലുള്ള ടച്ചിംഗ്കൾ എല്ലാം ഉടൻ തന്നെ ക്ലിയർ ചെയ്യണമെന്ന് നിർദ്ദേശിച്ചതായി ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ട്രാൻസ്മിഷൻ (സൗത്ത്) അറിയിച്ചു. പൊതുജനങ്ങൾക്കിടയിലും ജീവനക്കാർക്കിടയിലും സുരക്ഷാ ബോധവത്കരണം നടത്തിയിട്ടുണ്ട്. സുരക്ഷാ കമ്മറ്റികൾ സേഫ്റ്റി ഓഫീസർ ലെവലിലും , ഡിവിഷൻ ലെവലിലും മേഖലാതലത്തിലും നടത്തിവരുന്നുണ്ട്. സുരക്ഷാ പരിശോധനകൾ നടത്തുമ്പോൾ സുരക്ഷാ വീഴ്ചകൾ കാണുന്നുണ്ടോ എന്ന ചീഫ് സേഫ്റ്റി കമ്മിഷണറുടെ ചോദ്യത്തിനു സുരക്ഷാ പരിശോധനയിൽ യാതൊരു അപാകതകളും കണ്ടെത്തിയിട്ടില്ല എന്ന് ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ട്രാൻസ്മിഷൻ (സൗത്ത്) അറിയിച്ചു. കൂടാതെ ലൈൻ പെട്രോളിംഗ് നടത്തി അപകടം കൂടുതൽ സംഭവിക്കാൻ സാധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനുള്ള നിർദേശം നൽകിയിട്ടുണ്ട്.

ശ്രീ. ബിജോയ്, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ട്രാൻസ്മിഷൻ (നോർത്ത്)

കഴിഞ്ഞ സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിംഗിനുശേഷം (ട്രാൻസ്മിഷൻ നോർത്ത്) മേഖലയിൽ ഉണ്ടായ അപകടങ്ങളെക്കുറിച്ച് ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ട്രാൻസ്മിഷൻ (നോർത്ത്) വിശദീകരിച്ചു. ഓരോ സബ് സ്റ്റേഷന്റെയും ഘടന അനുസരിച്ച് ഓപ്പറേഷൻ & മെയ്ന്റെനൻസ്

മാനുവൽ തയ്യാറാക്കാൻ നിർദ്ദേശിച്ചിട്ടുള്ളതായി അറിയിച്ചു. സുരക്ഷാ ബോധവത്കരണ ക്ലാസ്സുകൾ കൃത്യമായും നടന്നുവരുന്നുണ്ട്. 2022 'അപകടരഹിത വർഷം' ആക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിനായി ഫീൽഡിൽ നിർദ്ദേശം നൽകിയിട്ടുള്ളതായി അറിയിച്ചു. ട്രാൻസ്മിഷൻ ലൈനിനടിയിൽ കൺസ്ട്രക്ഷൻ വർക്ക് നടക്കുന്നുണ്ടോ എന്ന ചീഫ് സേഫ്റ്റി കമ്മിഷണറുടെ ചോദ്യത്തിനു അത്തരം അപാകതകൾ കാണുന്ന സ്ഥലങ്ങളിൽ ഉടമസ്ഥർക്കെതിരെ നോട്ടീസ് നൽകിവരുന്നതായും ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ട്രാൻസ്മിഷൻ (നോർത്ത്) അറിയിച്ചു.

ശ്രീമതി ലത റ്റി.കെ., ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർറുടെ ചാർജ്ജുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സർക്കിൾ, കണ്ണൂർ.

കഴിഞ്ഞ സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിങ്ങിനുശേഷം സംഭവിച്ച അപകടങ്ങളെക്കുറിച്ച് ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർറുടെ ചാർജ്ജുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സർക്കിൾ, കണ്ണൂർ വിശകലനം നടത്തി. നവംബർ മാസത്തിൽ ഇതുവരെ അഞ്ച് അപകടങ്ങൾ നടന്നിട്ടുണ്ട്. അതിൽ ഒരെണ്ണം പബ്ലിക്കിനാണ്. ഈ വൈദ്യുത അപകടം സംഭവിക്കാനുള്ള കാരണം ഇരുമ്പ് തോട്ടി ഉപയോഗിച്ചതാണ്. സുരക്ഷാ പരിശോധനകൾ കുറഞ്ഞിട്ടുണ്ട്. സേഫ്റ്റി ഓഫീസർമാർ RDSS പ്ലാനിംഗിന്റെ തിരക്കിലായിരുന്നതിനാലാണ് സുരക്ഷാ പരിശോധനകൾ കുറഞ്ഞത്. തുടർന്നുള്ള മാസങ്ങളിൽ സുരക്ഷാ പരിശോധനകൾ പൂർണ്ണ തോതിൽ നടത്തുന്നതാണെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സർക്കിൾ, കണ്ണൂർ അഭിപ്രായപ്പെട്ടു.

എല്ലാ_സെക്ഷനുകളിലും സുരക്ഷാ മീറ്റിംഗുകൾ നടത്തി വരുന്നുണ്ട്. കമ്പി പൊട്ടി വീണുണ്ടാകുന്ന വൈദ്യുത അപകടങ്ങൾ ഒഴിവാക്കുന്നതിലേക്കായി ഓരോ മാസവും 500 എണ്ണം സ്പെയ്സർകൾ വീതം ഓരോ സെക്ഷൻ പരിധിയിലും ഉള്ള എൽ. റ്റി. ലൈനുകളിൽ സ്പെയ്സറുകൾ മുൻഗണനക്രമത്തിൽ സ്ഥാപിക്കുന്നതിനായി നിർദ്ദേശം നല്കിയിട്ടുണ്ട്. ഹോസ്പിറ്റൽ, സ്കൂൾ പരിസരങ്ങളിൽ ആണ് ആദ്യ മുൻഗണന നൽകിയിരിക്കുന്നത് .

ശ്രീമതി. ഭാഗ്യലക്ഷ്മി.എസ്., ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ഡിസ്ട്രിബ്യൂഷൻ (നോർത്ത്)

കഴിഞ്ഞ സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിങ്ങിനു ശേഷം ഉണ്ടായ അപകടങ്ങളെക്കുറിച്ചും മറ്റു പ്രവർത്തനങ്ങളെക്കുറിച്ചും യോഗത്തിൽ ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ഡിസ്ട്രിബ്യൂഷൻ (നോർത്ത്) വിശദീകരിച്ചു. സെപ്റ്റംബർ മാസത്തിലാണ് മഞ്ചേരി സർക്കിളിന്റെ കീഴിൽ ത്രിക്കലങ്ങോട് ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ ഒരു കോൺട്രാക്ട് സ്റ്റാഫിന് ഫാറ്റൽ ആക്സിഡെന്റ് നടന്നിട്ടുള്ളത്. ഇന്റെർലിങ്ക് ഡി പി യുടെ ജമ്പർ നൽകുന്ന വർക്ക്മായി

ബന്ധപ്പെട്ട് HT ഫീഡർ മാത്രമേ ഓഫ് ചെയ്തിരുന്നുള്ളൂ . സുരക്ഷാ നടപടികൾ കൃത്യമായി പാലിക്കാത്തത് കാരണമാണ് ഈ അപകടം സംഭവിച്ചത്. ഇതിനു കാരണക്കാരായ സബ് എഞ്ചിനിയറെയും ലൈൻമാനേയും സസ്പെൻഡ് ചെയ്തിട്ടുണ്ട്. തുടർന്ന് ഇത്തരം ഇന്റെർലിന്ക് വരുന്ന സ്ഥലങ്ങളിൽ ബോർഡ് സ്ഥാപിക്കുകയും സ്പെയ്സർ വേണ്ട ലൈനുകളിൽ അവ സ്ഥാപിക്കുന്നതിനും വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുജനങ്ങൾക്കു സംഭവിക്കുന്ന ഇലക്ട്രിക് ആക്സിഡന്റിൽ അധികവും ഇ.എൽ.സി .ബി. സ്ഥാപിക്കാത്തത് കാരണമാണ്. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപടികൾ കൈക്കൊള്ളേണ്ടതാണ്. രണ്ടു സർക്കിളുകളിലെ മലയോര പ്രദേശങ്ങളിൽ ഇലക്ട്രിക് ഫെൻസിംഗ് കാരണം അപകടം സംഭവിച്ചിട്ടുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ പോലീസ് കേസ് ആക്കുമെങ്കിലും തുടർ നടപടികൾ സ്വീകരിച്ചു കാണുന്നില്ല .

ഡിസ്ട്രിബ്യൂഷൻ (നോർത്ത്) മേഖലയിലെ എല്ലാ സുരക്ഷാ ഉദ്യോഗസ്ഥന്മാരും സുരക്ഷാ പരിശോധനകൾ നിർദ്ദിഷ്ടരീതിയിൽ നടത്തിയിട്ടുണ്ട്. കൺസ്യൂമർ വാട്ട്സാപ്പ് ഗ്രൂപ്പിൽ കൂടിയും ക്യാഷ് കൗണ്ടർ വഴി നോട്ടീസ് നൽകിയും പൊതുജനബോധവത്ക്കരണം നടത്തിവരുന്നുണ്ട്. കൂടാതെ റെസിഡൻസ് അസോസിയേഷൻസ് വഴിയും നോട്ടീസ് വിതരണം ചെയ്തു വരുന്നുണ്ട് എന്നും ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ഡിസ്ട്രിബ്യൂഷൻ (നോർത്ത്) അറിയിച്ചു.

കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് എല്ലാ സെക്ഷൻ ഓഫീസുകളിലും സൺറൈസ് മീറ്റിംഗ് നടത്തി വരുന്നു. സൺറൈസ് മീറ്റിങ്ങുകളിൽ അതാത് ദിവസം ചെയ്യുന്ന വർക്ക്കളെ പറ്റിയും ആ വർക്കിനുവേണ്ട സുരക്ഷാ നടപടികളെപറ്റിയും വിശദമായി ചർച്ച ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതായും കൂടാതെ ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ഡിസ്ട്രിബ്യൂഷൻ(നോർത്ത്) നേരിട്ടും ഓവർസിയർമാരുമായി ഫോൺ മുഖാന്തിരം ബോധവൽക്കരണം നടത്തുന്നുണ്ട്. ചീഫ് എഞ്ചിനീയർ തയ്യാറാക്കി നൽകിയ ചെക്ക് ലിസ്റ്റ് അനുസരിച്ച് ലൈൻ പട്രോൾ നടത്തുന്നുണ്ടെന്നും അതിന്റെ തുടർച്ചയായി റീജിയൺ തലത്തിൽ റിവ്യൂ മീറ്റിംഗ് കൂടാനും തീരുമാനിച്ചതായി ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ഡിസ്ട്രിബ്യൂഷൻ (നോർത്ത്) അറിയിച്ചു. ഓരോ ബാച്ചിലും 20 പേർ വീതം ജീവനക്കാർക്ക് ട്രെയിനിംഗ് നൽകിക്കൊണ്ടിരിക്കുകയാണ്. മീറ്റർ റീഡർമാരിൽനിന്നും സബ് എഞ്ചിനിയർമാരായ ജീവനക്കാർക്കും കൂടാതെ ഓവർസിയർമാർക്കും ട്രെയിനിംഗ് നൽകി വരുന്നുണ്ട്. കമ്പി പൊട്ടൽ തുടങ്ങിയ പല സുരക്ഷ കൈക്കൊള്ളേണ്ട വിഷയങ്ങളും കൺസ്യൂമർ വാട്ട്സാപ്പ് ഗ്രൂപ്പിൽ കൂടി അറിയാൻ സാധിക്കുന്നതിനാൽ വളരെ ഫലപ്രദമാണ് . ലൈൻ പെട്രോളിങ്ങും എൽ. റ്റി. ലൈനുകളിൽ

സ്പെയ്സറുകൾ മുൻഗണനക്രമത്തിൽ സ്ഥാപിക്കുന്നതും കൂടുതൽ ശക്തമാക്കിയാൽ '2022 അപകട രഹിത വർഷം' ആക്കുവാൻ സാധിയ്ക്കുന്നതാണ് എന്ന് അഭിപ്രായപ്പെട്ടു . ജനറൽ ട്രാൻസ്ഫറിൽ ഉൾപ്പെട്ടിരിക്കുന്ന ലൈൻമാൻ, ഓവർസിയർ എന്നിവർ പല സെക്ഷനിലും ജോയിൻ ചെയ്യാത്തതു കാരണം ലൈൻ പട്രോളിംഗ് നടത്താൻ ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ടെന്നും ചീഫ് എഞ്ചിനീയർ (HRM)-ന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്നും ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ഡിസ്ട്രിബ്യൂഷൻ (നോർത്ത്) അഭിപ്രയപ്പെട്ടു.

ശ്രീ. എൻ. സന്തോഷ് കുമാർ, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ഡിസ്ട്രിബ്യൂഷൻ (സെൻട്രൽ)

കഴിഞ്ഞ സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിങ്ങിനു ശേഷം ഉണ്ടായ അപകടങ്ങളെക്കുറിച്ചും മറ്റു പ്രവർത്തനങ്ങളെക്കുറിച്ചും യോഗത്തിൽ ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ഡിസ്ട്രിബ്യൂഷൻ (സെൻട്രൽ) വിശദീകരിച്ചു. കൂടുതൽ അപകടങ്ങളും ഓഗസ്റ്റ് മാസത്തിലാണ് സെൻട്രൽ മേഖലയിൽ ഉണ്ടായിട്ടുള്ളത്. അതിൽ പൊതുജനങ്ങൾക്ക് സംഭവിച്ചിരിക്കുന്ന അപകടങ്ങളിൽ കൂടുതലും ഇ.എൽ.സി.ബി. സ്ഥാപിക്കാത്തതിനാലും, ഇരുമ്പ് തോട്ടിയുടെ ഉപയോഗം കാരണവുമാണ് സംഭവിച്ചിരിക്കുന്നത്. കൂടാതെ അനധികൃത വൈദ്യുത വേലികൾ സ്ഥാപിക്കുന്നതിനാലും വൈദ്യുത അപകടം സംഭവിച്ചിട്ടുണ്ട്. റസിഡൻസ് അസോസിയേഷൻ വഴിയും സാമൂഹ്യപ്രവർത്തകർ വഴിയും അതാത് സ്ഥലങ്ങളിൽ ഇ.എൽ.സി..ബി. സ്ഥാപിപ്പിക്കുന്നതിനുള്ള ബോധവൽക്കരണം നടത്തുന്നുണ്ട് എന്ന് ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ഡിസ്ട്രിബ്യൂഷൻ (സെൻട്രൽ) അറിയിച്ചു. തുടർച്ചയായ മഴയായതിനാൽ വള്ളിപ്പടർപ്പുകൾ വളരെയധികം കൂടുന്നുണ്ടെങ്കിലും ഓപ്പറേഷൻ ശുദ്ധിയുടെ രണ്ടാം ഘട്ടം നല്ല രീതിയിൽ നടന്നുവരുന്നുണ്ട്. സൺ റൈസ് മീറ്റിംഗുകളും, സുരക്ഷാ പരിശോധനകളും സെൻട്രൽ റീജിയനിൽ നല്ല രീതിയിൽ നടന്നുവരുന്നുണ്ട്. ഈ രീതിയിൽ തുടർന്നു പോവുകയാണെങ്കിൽ 2022 അപകട രഹിത വർഷമായി മാറ്റാൻ സാധിക്കുന്നതാണെന്നും ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ഡിസ്ട്രിബ്യൂഷൻ (സെൻട്രൽ) അഭിപ്രയപ്പെട്ടു.

വർക്ക് സൈറ്റിൽ നടക്കുന്ന അപകടങ്ങൾ പലതും പോസ്റ്റിൽ നിന്നും സ്ലിപ് ചെയ്തു വീഴുന്നതായിട്ടാണ് ഫീൽഡിൽ നിന്നും റിപ്പോർട്ട് നൽകുന്നതെങ്കിലും പോസ്റ്റ് മോർട്ടം റിപ്പോർട്ടിൽ വൈദ്യുതാഘാതം ഏറ്റിട്ടുള്ളതായിട്ടാണ് മനസ്സിലാക്കുന്നത്. വേണ്ടത്ര സുരക്ഷാ ക്രമീകരണങ്ങൾ കൈക്കൊള്ളാതെ ലൈനിൽ പണി ചെയ്യുന്നതും സൂപ്പർവൈസറുടെ അഭാവവും കാരണമാണ് ഇത്തരം അപകടങ്ങൾ സംഭവിക്കുന്നതെന്നും ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ഡിസ്ട്രിബ്യൂഷൻ (സെൻട്രൽ) അഭിപ്രയപ്പെട്ടു. KFON ന്റെ വർക്ക് നടക്കുന്ന സ്ഥലങ്ങളിൽ

വേണ്ടത്ര സുരക്ഷ പാലിക്കാതെയാണ് ലൈനിൽ ജോലിചെയ്യുന്നതെന്നും ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ഡിസ്ട്രിബ്യൂഷൻ (സെൻട്രൽ) അഭിപ്രയപ്പെട്ടു. ഇരിങ്ങാലക്കുട സർക്കിളിന്റെ കീഴിൽ ഇരിങ്ങാലക്കുട സെക്ഷനോഫീസിൽ കോണ്ട്രാക്റ്റ് വർക്കർക്ക് സംഭവിച്ച വൈദ്യുത അപകടവുമായി ബന്ധപ്പെട്ട് സുരക്ഷാ വീഴ്ച്ച കണ്ടെത്തിയതിനെ തുടർന്ന് സബ് എഞ്ചിനിയർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.

ഡിസ്ട്രിബ്യൂഷൻ സെൻട്രൽ റീജിയനിൽ നോൺ ഫാറ്റൽ ആക്സിഡന്റ്കളുടെ എണ്ണം കൂടുതലാണ് അവ ഫാറ്റൽ ആകാമായിരുന്ന ആക്സിഡന്റ്കളാണെന്നും അതിനാൽ ഫീൽഡിൽ ജോലിചെയ്യുന്നതിനു മുൻപ് സപ്ലൈ ഓഫ് ചെയ്ത് എർത്ത് ചെയ്ത് ഷോർട്ട് ചെയ്ത് കൃത്യമായ സുരക്ഷ പാലിച്ച മാത്രമേ എല്ലാ വൈദ്യുത ജോലിയും ചെയ്യുവാൻ പാടുള്ളൂ എന്നും ചീഫ് സേഫ്റ്റി കമ്മീഷണർ നിർദ്ദേശിച്ചു. എറണാകുളം ഭാഗത്ത് അതിഥി തൊഴിലാളികൾ കൂടുതൽ ജോലി ചെയ്തു വരുന്നതിനാൽ അവർക്ക് ശരിയായ രീതിയിൽ ബോധവൽക്കരണം നൽകേണ്ടതാണെന്നും ചീഫ് സേഫ്റ്റി കമ്മീഷണർ നിർദ്ദേശിച്ചു.

ശ്രീ.രഞ്ജിത്ത് കുമാർ വി , ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ഡിസ്ട്രിബ്യൂഷൻ(സൗത്ത്)

കഴിഞ്ഞ സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിങ്ങിനു ശേഷം ഉണ്ടായ അപകടങ്ങളെക്കുറിച്ചും മറ്റ് പ്രവർത്തനങ്ങളെക്കുറിച്ചും യോഗത്തിൽ ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ഡിസ്ട്രിബ്യൂഷൻ (സൗത്ത്) വിശദീകരിച്ചു. പൊതുജനങ്ങൾക്ക് സംഭവിക്കുന്ന അപകടങ്ങളിൽ അധികവും ഇ.എൽ.സി..ബി. സ്ഥാപിക്കാത്തതിനാലും, ഇരുമ്പ് തോട്ടിയുടെ ഉപയോഗവും കാരണമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുപയോഗിച്ചു ബി .പി.എൽ കാർക്ക് ഇ.എൽ.സി..ബി. സ്ഥാപിച്ചു നൽകുകയും APL വിഭാഗത്തിൽ ഉള്ളവർക്ക് ഇ.എൽ.സി..ബി. നിലവിൽ ഇല്ലാത്തവർക്ക് അവ സ്ഥാപിക്കുന്നതിന് നോട്ടീസ് നൽകുകയും ചെയ്യേണ്ടതാണെന്ന് ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ഡിസ്ട്രിബ്യൂഷൻ (സൗത്ത്) അഭിപ്രായപ്പെട്ടു. കമ്പി പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിന് ലൈനുകളുടെ സ്ഥിതി പരിശോധിച്ച് മുൻഗണന ക്രമത്തിൽ സ്പെയ്സർകൾ സ്ഥാപിക്കേണ്ടതാണ്. റിവർ ക്രോസിംഗ് വരുന്ന സ്ഥലങ്ങളിൽ നിർബന്ധമായും ഗാർഡിഗ് നൽകേണ്ടതാണ്. സേഫ്റ്റി ഇൻസ്പെക്ഷനുകൾ സർപ്രൈസ് ഇൻസ്പെക്ഷനുകളായി നടത്തിയാൽ മാത്രമേ വേണ്ട ഫലം ലഭിക്കുകയുള്ളൂ എന്നും ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ഡിസ്ട്രിബ്യൂഷൻ (സൗത്ത്) അഭിപ്രായപ്പെട്ടു. ഇന്റർ സബ് ഡിവിഷൻ ഇൻസ്പെക്ഷനുകൾ നടത്താൻ ബുദ്ധിമുട്ടുള്ളതാണെന്നും ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ഡിസ്ട്രിബ്യൂഷൻ (സൗത്ത്) അഭിപ്രായപ്പെട്ടു.

ശ്രീമതി.ഷീബ എബ്രഹാം, അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ

ലൈൻ പൊട്ടിവീണ് അപകടങ്ങൾ ഉണ്ടാകുന്ന സാഹചര്യം നിലനിൽക്കുന്നതിനാൽ പേട്ട ഇലക്ട്രിക്കൽ സെക്ഷനിൽ പൈലറ്റ് പ്രൊജക്ട് ആയി സ്പെയ്സർ സ്ഥാപിക്കുന്ന ജോലി നടത്താൻ തീരുമാനിച്ചിട്ടുള്ളതായി അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ശ്രീമതി.ഷീബ എബ്രഹാം അറിയിച്ചു. വൈദ്യുത അപകടങ്ങൾ കുറയ്ക്കുന്നതിനു വേണ്ടി എല്ലാ യൂണിയൻ പ്രതിനിധികൾക്കും അവരവരുടെ ആശയങ്ങൾ സമർപ്പിക്കാവുന്നതാണ്. അഗളിയിൽ ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള 600-ഓളം വീടുകൾക്ക് ELCB സ്ഥാപിച്ചിട്ടുണ്ട്. e-safe പദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ നോൺ പേയിംഗ് ഗ്രൂപ്പിന് സൗജന്യമായി ELCB സ്ഥാപിച്ചുകൊടുക്കുന്നതിന് ജനുവരി- 2020 ൽ ഗവൺമെന്റ് ഒരു ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഇതിനായി SC / ST ഡിപ്പാർട്ട്മെന്റിൽ അർഹരായവരുടെ ലിസ്റ്റ് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അറിയിച്ചു. അനധികൃതമായി വൈദ്യുത വേലികൾ സ്ഥാപിക്കുന്നത് വഴി അപകടങ്ങൾ കൂടി വരുന്ന സാഹചര്യത്തിൽ അത്തരത്തിലുള്ളവ പരിശോധന നടത്തി കണ്ടെത്തേണ്ടതാണ്. വൈദ്യുത അപകടങ്ങൾ സംഭവിക്കുമ്പോൾ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് തയ്യാറാക്കുന്ന ആക്സിഡന്റ് റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുന്നതിന് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ ഔദ്യോഗികമായി ആവശ്യപ്പെട്ടാൽ നൽകുന്നതാണ്. അപകടം കുറയ്ക്കുക എന്നതിനെക്കാൾ അപകടമില്ലാതാക്കുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യമെന്നും അതിനായി എല്ലാപേരും ഒത്തൊരുമിച്ച് പ്രവർത്തിക്കണമെന്നും അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അഭ്യർത്ഥിച്ചു .

ശ്രീ. ഹരിലാൽ എസ്., KSEBWA

സൺ റൈസ് മീറ്റിംഗ് എല്ലാ സെക്ഷനോഫീസുകളിലും നടക്കുന്നില്ലെന്നും കോവിഡ് സാഹചര്യം മാറി വരുന്ന സാഹചര്യത്തിൽ തുടർന്നും നടത്തുന്നതിനുവേണ്ട നിർദ്ദേശം ചീഫ് സേഫ്റ്റി കമ്മിഷണറുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നും KSEBWA പ്രതിനിധി ശ്രീ. ഹരിലാൽ എസ് ആവശ്യപ്പെട്ടു. ഡിവിഷൻതല സേഫ്റ്റി മീറ്റിംഗ്കൾ നടത്തുമ്പോൾ റീജിയൺതലത്തിൽ റിപ്പോർട്ടുകൾ സ്വീകരിച്ചു ചീഫ് സേഫ്റ്റി കമ്മീഷണർ സംസ്ഥാനതല സേഫ്റ്റി കമ്മിറ്റി യോഗത്തിൽ അവലോകനം ചെയ്യുകയാണെങ്കിൽ യൂണിയൻ മീറ്റിംഗുകളിൽ സുരക്ഷാ അവബോധം ജീവനക്കാരിൽ നൽകുന്നതിനു സഹായകമാകും എന്ന് KSEBWA പ്രതിനിധി ശ്രീ.

ഹരിലാൽ അഭ്യർത്ഥിച്ചു. ഇ.എൽ.സി.ബി. ഇല്ലാത്ത വീടുകൾ കണ്ടെത്തി അവ സ്ഥാപിക്കുന്നതിനു വേണ്ടി നോട്ടീസ് നൽകാവുന്നതാണ്. സാമ്പത്തിക ബുദ്ധിമുട്ടുള്ള വീടുകളിൽ ലോക്കൽ ബോഡി ഫണ്ട് ഉപയോഗിച്ചോ റെസിഡൻസ് അസോസിയേഷൻ വഴിയോ സന്നദ്ധ സംഘടനകൾ വഴിയോ സ്ഥാപിച്ചു നൽകാവുന്നതാണ്. ഇതുവഴി കൺസ്യൂമർ പ്രിമൈസസിൽ സംഭവിക്കുന്ന അപകടങ്ങൾ ഒരു പരിധിവരെ കുറയ്ക്കാവുന്നതാണ്. സേഫ്റ്റി ഓഫീസർമാരുടെ സുരക്ഷാ പരിശോധന ഇന്റെർ സബ് ഡിവിഷൻ ലെവലിൽ നടത്തുന്നത് പ്രായോഗികമാണ്. സുരക്ഷാ സംസ്കാരം ജീവനക്കാരിൽ വളർത്തിയെടുക്കാൻ വേണ്ടിയാകണം സുരക്ഷാ പരിശോധനകൾ നടത്തേണ്ടതെന്നും അവരെ ശിക്ഷിക്കാൻ വേണ്ടി മാത്രമാകരുതെന്നും KSEBWA പ്രതിനിധി അറിയിച്ചു. ഭാരക്കുറവുള്ള മടക്കു ഏണികൾ ഫീൽഡിൽ ആവശ്യാനുസരണം ലഭ്യമാക്കിയാൽ ഏണി ഉപയോഗിക്കാതെ ജീവനക്കാർ പോസ്റ്റിൽ കയറുന്ന സാഹചര്യം ഒഴിവാക്കുന്നതിനും അതുമൂലം പോസ്റ്റിൽനിന്നും തെന്നി വീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാനും സാധിക്കും. അതിനുവേണ്ട നടപടികൾ ഉണ്ടാകേണ്ടതുണ്ടെന്നും KSEBWA പ്രതിനിധി അഭ്യർത്ഥിച്ചു.

ട്രാൻസ്ഫോർമർ എ.ബി.യും ലൈൻ എ.ബി.യും ഒരേ 4 പോൾ സ്വിച്ചറിൽ സ്ഥാപിച്ചിരിക്കുന്നത് അപകടങ്ങൾക്ക് വഴിയൊരുക്കുമെന്നതിനാൽ മാറ്റി സ്ഥാപിക്കണമെന്ന നിർദ്ദേശം നിലവിലുണ്ടെങ്കിലും പല സ്ഥലങ്ങളിലും പൂർണ്ണമായും മാറ്റി സ്ഥാപിക്കപ്പെട്ടിട്ടില്ല. ഇത് ഫീൽഡ് ജീവനക്കാർക്ക് അപകട സാധ്യത ഉണ്ടാക്കുന്നു. കേബിൾ ടിവിക്കാരുടെ കേബിളുകൾ പോസ്റ്റിൽ ചുറ്റിപ്പിണഞ്ഞുകിടക്കുന്നതിനാൽ കെ.എസ്.ഇ.ബി. ജീവനക്കാർക്ക് പോസ്റ്റുകളിൽ കയറാനും സേഫ്റ്റി ബെൽറ്റ് ഉപയോഗിച്ച് സുരക്ഷിതമായി നിന്ന് പണിചെയ്യുന്നതിനും ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടെന്നും KSEBWA പ്രതിനിധി അറിയിച്ചു. പോസ്റ്റുകൾക്കിടയിലുള്ള സ്പാൻ അകലം പല സ്ഥലങ്ങളിലും കൂടുതലയിട്ടാണ് കാണുന്നത്. ലൈൻ പട്രോൾ നടത്തുമ്പോൾ ഇത്തരം സ്ഥലങ്ങൾ കണ്ടെത്തുകയും പോസ്റ്റ് ഇൻസേർഷൻ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുകയും വേണം. കൂടാതെ ലൈൻ പട്രോളിംഗ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. A A C ലൈനുകളെല്ലാം തന്നെ AB കേബിളുപയോഗിച്ചു മാറ്റിയാൽ കമ്പി പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കാനാകും. സുരക്ഷാ ട്രെയിനിംഗ്കളിൽ പറയുന്നത് വർക്കർമാരെ പോസ്റ്റിൽ കയറ്റരുത് എന്നാണ്. അതുകാരണം സെക്ഷനോഫീസുകൾ വർക്ക് ചെയ്യിപ്പിക്കുന്നതിന് ബുദ്ധിമുട്ടുള്ള സാഹചര്യമാണ്. സപ്ലൈ ഓഫ് ചെയ്ത് എർത്ത് ചെയ്ത് ഷോർട്ട് ചെയ്ത് സുരക്ഷിതമായി ജോലി ചെയ്യുന്നതിനുള്ള സാഹചര്യം ഒരുക്കിയ ശേഷം വർക്കർമാരെ പോസ്റ്റിൽ കയറ്റാവുന്നതാണ്. PTW രജിസ്റ്ററിൽ കൃത്യമായി വർക്കുകൾ

രേഖപ്പെടുത്തുകയാണെങ്കിൽ തന്നെ സുരക്ഷാ കാര്യങ്ങൾ ചെയ്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാൻ സൂപ്പർവൈസർക്ക് സാധിക്കുകയും അതുവഴി ഫീൽഡ് ജീവനക്കാർക്കുണ്ടാകുന്ന പല വൈദ്യുത അപകടങ്ങളും ഒഴിവാക്കാൻ സാധിക്കുകയും ചെയ്യുന്നു. പർച്ചേസ് നടത്തുമ്പോൾ ഗുണമേന്മയുള്ള കണ്ടക്ടർ ആണോ എന്ന് ഉറപ്പുവരുത്തണമെന്നും അവ കൃത്യമായി ഫീൽഡിൽ ഉപയോഗിക്കപെടുന്നുണ്ടോ എന്നും പരിശോധിക്കേണ്ടതാണെന്ന് KSEBWA പ്രതിനിധി അഭിപ്രായപ്പെട്ടു. ഈരാറ്റുപേട്ട സബ് സ്റ്റേഷൻ കോമ്പൌണ്ടിൽ 7 വർഷമായി ഉപയോഗ ശൂന്യമായി കണ്ടക്ടറുകൾ കിടക്കുന്നതായി KSEBWA പ്രതിനിധി അഭിപ്രായപ്പെട്ടു.

ശ്രീ. സുനിൽ കുമാർ കെ.പി., UDEEF

ഡിസ്ട്രിബ്യൂഷൻ മേഖലയിലാണ് കൂടുതൽ അപകടങ്ങൾ ഉണ്ടാകുന്നത്. അതിൽ കൂടുതലും പൊതുജനങ്ങൾക്കാണ് സംഭവിക്കുന്നത്. പൊതുജനങ്ങൾക്കു സംഭവിക്കുന്ന അപകടങ്ങൾ കുറയ്ക്കാൻ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിനു വളരെ കാര്യമായി പ്രവർത്തിക്കുവാൻ സാധിക്കുന്നതാണെന്നും UDEEF പ്രതിനിധി ശ്രീ. സുനിൽ കുമാർ കെ പി അഭിപ്രായപ്പെട്ടു. കൺസ്ട്രക്ഷൻ സൈറ്റ്കളിൽ ഉപയോഗിക്കുന്ന ഇ.എൽ.സി.ബി. തന്നെയായിരിക്കും വീടുകൾ പൂർത്തിയാകുമ്പോൾ അവിടെയും സ്ഥാപിക്കപ്പെടുന്നത് . ഇവയിൽ പലതും പ്രവർത്തനക്ഷമത ഇല്ലാത്തവയുമാണ്. ഡിവിഷൻതല സുരക്ഷാ കമ്മറ്റികൾ നടത്തുന്നത് ഡിവിഷൻതല മീറ്റിംഗിനുശേഷം വളരെ കുറച്ചു സമയം മാത്രമേ ഉപയോഗപ്പെടുത്താറുള്ളു എന്നും UDEEF പ്രതിനിധി അഭിപ്രായപ്പെട്ടു. ഓപ്പറേഷൻ ശുദ്ധിയുടെ ഭാഗമായി ടച്ചിംഗ് പൂർണ്ണമായും എടുക്കണമെന്ന് പറയുന്നുണ്ടെങ്കിലും കേരളത്തിനകത്ത് യാത്രചെയ്യുമ്പോൾ പല സ്ഥലങ്ങളിലും വള്ളി പടർപ്പുകൾ നിറഞ്ഞു നിൽക്കുന്നതയിട്ടാണ് കാണുന്നത്. അവ കൃത്യമായി ചെയ്യുന്നതിനു വേണ്ട നിർദ്ദേശം നൽകണമെന്നും UDEEF പ്രതിനിധി ആവശ്യപ്പെട്ടു. ഗൌതം കമ്പനിയുടെ പോസ്റ്റ്കൾ നിലവരമില്ലാത്തവയാണ്. ഇത്തരം പോസ്റ്റുകളിൽ കയറി ബോർഡ് ജീവനക്കാരനോ, കോൺട്രാക്ട് തൊഴിലാളികളോ വർക്ക് ചെയ്യുമ്പോൾ പോസ്റ്റ് ഓടിഞ്ഞുണ്ടാകുന്ന അപകടങ്ങൾ സംഭവിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. 2022 അപകടരഹിതമാകണമെങ്കിൽ ഇത്തരം ഗുണനിലവാരമില്ലാത്ത പോസ്റ്റ്കൾ ഒഴിവാക്കേണ്ടതാണ്. ജീവനക്കാർക്കും കോൺട്രാക്ട് തൊഴിലാളികൾക്കും സംഭവിക്കുന്ന വൈദ്യുത അപകടങ്ങളിൽ നഷ്ടപരിഹാരത്തുക ലഭിക്കുന്നതിനു കാലതാമസം നേരിടുന്നുണ്ട്. കാലതാമസം ഒഴിവക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്നും UDEEF പ്രതിനിധി ആവശ്യപ്പെട്ടു.

ശ്രീ. മോഹൻദാസ് കെ. ആർ., KEWF

കൃത്യമായ കാലയളവിൽ തന്നെ മീറ്റിംഗ് നടത്തുന്നത് ശുഭകരമാണെന്നും അവ അപകടങ്ങൾ കുറയ്ക്കുന്നതിനു സഹായകരമാകുന്നുണ്ടെന്നും KEWF പ്രതിനിധി ശ്രീ. മോഹൻദാസ് കെ. ആർ അഭിപ്രായപ്പെട്ടു. സേഫ്റ്റി ട്രെയിനിംഗ്, സുരക്ഷാ ക്ലാസുകൾ എന്നിവ നടത്തുന്നതുവഴി ജീവനക്കാർക്കും കോൺട്രാക്ട് തൊഴിലാളികൾക്കും സുരക്ഷാ മുൻകരുതലുകൾ പാലിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി കൊടുക്കേണ്ടാതാണ്. അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത പല സെക്ഷനോഫീസുകളും ഇപ്പോഴും നിലവിലുണ്ടെന്നും അവ കണ്ടെത്തി വേണ്ട സൌകര്യമൊരുക്കേണ്ടതാണെന്നും KEWF പ്രതിനിധി അഭ്യർത്ഥിച്ചു. നൈറ്റ് ഡ്യൂട്ടിയിൽ മൂന്ന് ജീവനക്കാരെങ്കിലും ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. രണ്ടു ജീവനക്കാർ മാത്രമാകുമ്പോൾ രാത്രി കാലങ്ങളിൽ പരാതി പരിഹരിക്കുന്നതിനായി പോകുമ്പോൾ ഫോൺ ഡ്യൂട്ടിയിൽ ആളില്ലാത്ത അവസ്ഥയുണ്ടാകുന്നു. ഇത് ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് KEWF പ്രതിനിധി അഭ്യർത്ഥിച്ചു. താഴ്ന്നു കിടക്കുന്ന ലൈനുകൾ കണ്ടെത്തുന്നതിന് ഫോട്ടോഗ്രാഫി മത്സരം നടത്തുന്നുണ്ടെന്നും ഇത് തൊഴിലാളികൾക്കിടയിൽ വ്യാപകമായ പരാതിക്ക് ഇടം നൽകുന്നതാണെന്നും അതിനാൽ ബഹുമാനപ്പെട്ട ഡയറക്ടർ (പ്ലാനിംഗ്, സേഫ്റ്റി & എസ്.സി.എം.) ഇക്കാര്യം ശ്രദ്ധിക്കണമെന്നും KEWF പ്രതിനിധിയുടെ അഭിപ്രായത്തിന് മറുപടിയായി പരിശോധിക്കുന്നതാണെന്ന് ഡയറക്ടർ (പ്ലാനിംഗ്, സേഫ്റ്റി & എസ്.സി.എം.) അറിയിച്ചു. തൊഴിലാളികളുമായി യോജിച്ചു നിന്ന് പ്രവർത്തിച്ചാൽ തന്നെ 2022 അപകടരഹിത വർഷമായി മാറ്റാൻ സാധിക്കുന്നതാണ്. ഉൾപ്രദേശങ്ങളിൽ ഇപ്പോഴും AAC കണ്ടക്ടർ ഉപയോഗിച്ചിരിക്കുന്ന എൽ.റ്റി. ലൈനുകൾ നിലവിലുണ്ട്. ഇത്തരം ലൈനുകൾ അടിയന്തിരമായി റീകണ്ടക്ടറിംഗ് ചെയ്യുന്നതിനുവേണ്ട നടപടികൾ ചീഫ് സേഫ്റ്റി കമ്മീഷണറുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നും KEWF പ്രതിനിധി അഭ്യർത്ഥിച്ചു. KEWF ന്റെ നേതൃത്വത്തിൽ തൊഴിലാളികൾക്ക് സുരക്ഷാ അവബോധം നടത്തിവരുന്നുണ്ടെന്നും അതിന്റെ പ്രതിഫലനം ജീവനക്കാരിൽ കാണുന്നുണ്ടെന്നും KEWF പ്രതിനിധി അഭിപ്രായപ്പെട്ടു.

ശ്രീ. ശ്യാം കുമാർ കെ., KSEBOA

2022 അപകടരഹിത വർഷമായി മാറ്റണമെങ്കിൽ വ്യക്തമായ പ്ലാനിംഗ് ഉണ്ടാകണം. അതിൽ ബോർഡ് ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കും വേണ്ടി ഒരു ആക്ഷൻ പ്ലാനും പോതുജനങ്ങൾക്കുവേണ്ടി പ്രത്യേകമായ വേറൊരു ആക്ഷൻ പ്ലാനും തയ്യാറാക്കണമെന്നും KSEBOA പ്രതിനിധി ശ്രീ. ശ്യാം കുമാർ കെ അഭിപ്രായപ്പെട്ടു. ലൈൻ പട്രോൾ നടത്തി AAC

കണ്ടക്ടർ ഉപയോഗിച്ചിരിക്കുന്നത് കണ്ടെത്തുകയും അവ പൂർണ്ണമായും മാറ്റുകയും ചെയ്താൽ കമ്പി പൊട്ടിയുണ്ടാകുന്ന അപകടങ്ങൾ ഒരു പരിധിവരെ കുറയ്ക്കാൻ സാധിക്കും. ഇത്തരം കാര്യങ്ങൾ നടപ്പിലാക്കുന്നതിന് സ്റ്റാഫിന്റെ കുറവുള്ളതിനാൽ മീറ്റർ റീഡർമാരെ കൂടി ഉൾപ്പെടുത്താവുന്നതാണ്. കൂടാതെ പ്രധാനപ്പെട്ട കാര്യങ്ങളായ AAC കണ്ടക്ടർ, ലൈൻ താഴ്ന്നുകിടക്കുന്നത്, ടച്ചിംഗ് എടുക്കേണ്ടതായ സ്ഥലങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി ലളിതമായ പെർഫോർമ തയ്യാറാക്കുന്നത് നന്നായിരിക്കുമെന്നും KSEBOA പ്രതിനിധി അഭിപ്രായപ്പെട്ടു. കമ്പി പൊട്ടി വീണുണ്ടാകുന്ന വൈദ്യുത അപകടങ്ങൾ കുറയ്ക്കുന്നതിനായി കമ്പി പൊട്ടിവീഴുമ്പോൾ സപ്ലേ ട്രിപ്പ് ആകുന്ന തരത്തിലുള്ള പുതിയ കണ്ടുപിടുത്തങ്ങൾ സാധ്യമാക്കുന്നതിലേയ്ക്ക് ബോർഡിന്റെ ഭാഗത്തുനിന്നും നടപടിയുണ്ടാകേണ്ടതാണ്. ലൈൻ ഓഫ് ചെയ്തിരിക്കുന്ന സമയത്ത് ജനറേറ്റർ സപ്ലെ ലൈനിൽ കടന്നുവരുന്നതുകൊണ്ടുള്ള വൈദ്യുത അപകടങ്ങൾ കുറയ്ക്കുന്നതിന് റിവേഴ്സ് കറണ്ട് തടയുന്ന തരത്തിലുള്ള എനർജി മീറ്ററുകൾ സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണെന്ന് KSEBOA പ്രതിനിധി ആവശ്യപ്പെട്ടു. ലൈൻ പട്രോളിംഗ് രജിസ്റ്ററിൽ ഫീൽഡിലെ അപാകതകൾ രേഖപ്പെടുത്തുന്നതിനോടൊപ്പം അവ പരിഹരിച്ചതിന്റെ വിശദാംശങ്ങൾ കൂടി രേഖപ്പെടുത്തണമെന്ന് നിർദ്ദേശിച്ചാൽ മാത്രമേ അവ കൂടുതൽ ഫലപ്രദമാവുകയുള്ളൂ എന്നും KSEBOA പ്രതിനിധി അഭിപ്രായപ്പെട്ടു.

ശ്രീമതി. ഗീത വി.എസ്., KSEBEA

സുരക്ഷയ്ക്ക് കൂടുതൽ പ്രാധാന്യം ലഭിക്കുന്നതിലേക്കായി സർക്കിൾ തലത്തിൽ തന്നെ സേഫ്റ്റി വിംഗ് രൂപപ്പെടുത്തേണ്ടതാണെന്ന് KSEBEA പ്രതിനിധി ശ്രീമതി. ഗീത അഭിപ്രായപ്പെട്ടു. RDSS പോലുള്ള പദ്ധതികൾ വന്നപ്പോൾ സുരക്ഷയ്ക്കുള്ള പ്രാധാന്യം കുറഞ്ഞതായിട്ടാണ് കാണുന്നത്. ലൈൻ പട്രോളിംഗ് നടത്തുമ്പോൾ ഫീഡറുകളുടെ ചുമതല സബ് എഞ്ചിനിയർമാർക്ക് തുല്യമായി വീതിച്ചു നൽകുകയും ട്രാൻസ്ഫോർമർകളുടെ ചുമതല ഓവർസിയർമാർക്ക് തുല്യമായി വീതിച്ചു നൽകുകയും ചെയ്താൽ ലൈൻ പട്രോളിംഗ് സുഗമമായി നടത്താവുന്നതാണ്. GPS സംവിധാനം ഉപയോഗിച്ച് സിംഗിൾ ലൈൻ ഡയഗ്രം അപ്ഡേറ്റ് ചെയ്യുകയാണെങ്കിൽ AB സ്വിച്ച് കളുടെ നിലവിലെ സ്ഥിതിയും മനസ്സിലാക്കാൻ സാധിക്കുമെന്ന് KSEBEA പ്രതിനിധി അഭിപ്രായപ്പെട്ടു. ഇന്റർലിന്ക് പോസ്റ്റുകൾക്കും AB സ്വിച്ച്കൾക്കും യുണിഫോമായ കളർ കോഡിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് ചീഫ് സേഫ്റ്റി കമ്മീഷണറുടെ ഭാഗത്തുനിന്നും നടപടി ഉണ്ടാകണമെന്നും KSEBEA പ്രതിനിധി ആവശ്യപ്പെട്ടു.

കോവിഡ് സാഹചര്യം ഉണ്ടാകുന്നതിനുമുൻപ് ഇന്റർ സബ് ഡിവിഷൻ സേഫ്റ്റി ഇൻസ്പെക്ഷൻ നടന്നുവന്നിരുന്നു. അത് വീണ്ടും പുനരാരംഭിക്കുന്നതിനു വേണ്ട നിർദ്ദേശം ചീഫ് സേഫ്റ്റി കമ്മീഷണറുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നും KSEBEA പ്രതിനിധി ആവശ്യപ്പെട്ടു. സേഫ്റ്റി ഉപകരണങ്ങൾ സ്മാർട്ട് സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്യണം , സ്പാൻ ലെങ്ത്തിനനുസരിച്ച് ലൈനിൽ സ്പയ്സർകൾ സ്ഥാപിക്കണം, ക്രോസ് കണ്ട്രിയായി വലിച്ചിരിക്കുന്ന ലൈനുകൾ മാറ്റി റോഡിലൂടെ സ്ഥാപിക്കണം എന്നീ നിർദ്ദേശങ്ങൾ നടപ്പിലാക്കണമെന്ന് KSEBEA പ്രതിനിധി ആവശ്യപ്പെട്ടു.

ശ്രീ. സുരേഷ് കുമാർ എസ്. KPBOF

കോൺക്രീറ്റ് പോസ്റ്റുകളാണ് നിലവിൽ ഉപയോഗിച്ച് വരുന്നത്. ഇവയ്ക്ക് പകരം ടുബുലാർ പോസ്റ്റുകളാക്കാവുന്നതാണ്. അത്തരം പോസ്റ്റുകൾ ABC വലിക്കുന്നതിന് കൂടുതൽ സൌകര്യപ്രദവും വണ്ടി തട്ടിയാലും വലിയ കേടുപാടുകൾ ഉണ്ടാവുകയുമില്ലെന്നും KPBOF പ്രതിനിധി ശ്രീ. സുരേഷ് കുമാർ എസ്. അഭിപ്രായപ്പെട്ടു. ജിയോയുടെ കേബിളുകൾ വലിക്കുന്നതിന് സ്ഥാപിച്ചിരിക്കുന്ന പൈപ്പുകൾ കെ.എസ്.ഇ.ബി. യുടെ വൈദ്യുത ലൈനുമായി സുരക്ഷിത അകലം പാലിക്കാതെ അപകടകരമായിട്ടാണ് നിൽക്കുന്നതെന്ന് പല സുരക്ഷാ മീറ്റിംഗ്കളിലും പറയാറുണ്ടെങ്കിലും ഇപ്പോഴും തൽസ്ഥിതി തുടർന്നുവരികയാണ്. ഇതിനൊരു പരിഹാരം ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ ഭാഗത്തുനിന്നും ബോർഡിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്. നിലവിൽ ഇ.എൽ.സി.ബി. സ്ഥാപിച്ചിട്ടുണ്ടെങ്കിലും പല സ്ഥലങ്ങളിലും അവ പ്രവർത്തനക്ഷമമല്ലാത്തവയാണ്. ഇത് പരിശോധിക്കുകയും പൊതുജനങ്ങൾക്കുവേണ്ട അവബോധം നൽകുകയും വേണം. വോൾട്ടേജ് വ്യതിയാനം കാരണം പൊതുജനങ്ങളുടെ ഉപകരണങ്ങൾക്ക് കേടുപാടുകൾ സംഭവിക്കുന്ന സാഹചര്യം നിലവിലുണ്ട്. ഇത്തരം കേസുകളിൽ ബോർഡ് നഷ്ടപരിഹാരം നൽകണമെന്നാണ് ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ളത്. അതിനാൽ ഈ സാഹചര്യം ഒഴിവാക്കാനായി സിസ്റ്റം എർത്തിംഗ് നിർബന്ധമായും ചെയ്യേണ്ടതാണ്. കൂടാതെ പോസ്റ്റ്കളിൽ ന്യൂട്രൽ എർത്തിംഗും ചെയ്യേണ്ടതാണ്. സുരക്ഷാ ഉദ്യോഗസ്ഥൻമാർക്ക് സേഫ്റ്റി ഇൻസ്പെക്ഷനുകൾ നടത്തുന്നതിന് പല സെക്ഷനോഫീസുകളും ദൂരക്കൂടുതൽ ഉള്ളതിനാൽ വാഹന സൌകര്യത്തിനു ബുദ്ധിമുട്ടുള്ളതായിട്ടാണ് മനസ്സിലാക്കുന്നതെന്നും KPBOF പ്രതിനിധി അഭിപ്രായപ്പെട്ടു.

പൊതുജന ബോധവൽക്കരണം നടന്നുവരുന്നുണ്ടെങ്കിലും നിലവിലും ഇരുമ്പ് തോട്ടിയുടെ ഉപയോഗം കാരണമുള്ള വൈദ്യുത അപകടങ്ങൾ സംഭവിച്ചുവരുന്നു. അതിനാൽ പൊതുജന

ശ്രദ്ധ കൂടുതൽ ലഭ്യമാക്കുന്നതിനായി വാഹന പ്രചരണവും പബ്ലിക് ട്രാൻസ്പോർട്ട് വഴി പരസ്യം നൽകിയും സുരക്ഷാവബോധ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. വ്യാവസായിക കണക്ഷനുകളിൽ നിന്നും ഉണ്ടായേക്കാവുന്ന വൈദ്യുത അപകടങ്ങൾ ഇല്ലാതാക്കുന്നതിന് സബ് എൻജിനിയർമാർ മീറ്റർ റീഡിംഗ് എടുക്കുന്നതിനായി പോകുന്ന അവസരത്തിൽ ഇൻസ്റ്റലേഷൻ കൂടി പരിശോധിച്ച് വൈദ്യുത സുരക്ഷ ഉറപ്പാക്കുകയും അല്ലാത്തപക്ഷം നോട്ടീസ് നൽകി സപ്ലൈ വിച്ഛേദിക്കേണ്ടതാണ്. വാഹനങ്ങൾ പോസ്റ്റിൽ തട്ടിയുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി വളഞ്ഞ റോഡുകളിൽ സ്ഥാപിച്ചിരിക്കുന്ന ഇലക്ട്രിക് പോസ്റ്റ്കളിൽ ഫ്ലറസെന്റ് ടേപ്പ് ഉപയോഗിക്കാവുന്നതാണെന്നും KPBOF പ്രതിനിധി അഭിപ്രായപ്പെട്ടു.

ശ്രീ . അനന്തകൃഷ്ണൻ എം.ജി., KEOF

സേഫ്റ്റി പ്രോസിജിയറിൽ കടന്നു കൂടിയിട്ടുള്ള ന്യൂനതകൾ പരിശോധിച്ച് പരിഹരിക്കുന്നതിന് ഡിസ്ട്രിബ്യൂഷൻ കോർ കമ്മിറ്റിയെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള ബോർഡ് ഉത്തരവുണ്ട് . എന്നാൽ അതിന് യാതൊരുവിധ തീരുമാനവും ഇതുവരെ ഉണ്ടായിട്ടില്ല എന്ന് KEOF പ്രതിനിധി ശ്രീ. അനന്തകൃഷ്ണൻ എം.ജി അറിയിച്ചു. പൊതുജനങ്ങൾക്ക് സംഭവിക്കുന്ന വൈദ്യുത അപകടങ്ങൾ ഇപ്പോഴും കൂടി നിൽക്കുന്നതിനാൽ ബോധവൽക്കരണ പരിപാടികൾ കുറച്ചുകൂടി ശക്തിപ്പെടുത്തണം. പൊതുജനങ്ങൾക്ക് കൂടുതൽ അവബോധം ഉണ്ടാക്കിയാൽ മാത്രമേ 2022 അപകടരഹിത വർഷമാക്കി മാറ്റുവാൻ സാധിക്കുകയുള്ളൂ.. ഡിസ്ട്രിബ്യൂഷൻ മേഖലയിലെ വൈദ്യുത അപകടങ്ങളെ പറ്റിയാണ് കൂടുതലും ചർച്ചചെയ്യപ്പെടുന്നത്. സബ് സ്റ്റേഷനുകളിലെ സുരക്ഷയെ പറ്റിയും ചർച്ച ചെയ്യണം. സബ് സ്റ്റേഷനുകളിൽ ഉപയോഗിക്കുന്ന ഏണിയ്ക്ക് മഞ്ഞ കളർ നൽകണം. ഏണി ഇരിക്കുന്നത് കാണാൻ കഴിയാത്തതുമൂലമാണ് അടുത്തകാലത്തായി സബ് സ്റ്റേഷനിൽ ഒരപകടം നടന്നത്. ജനറേറ്റിംഗ് സ്റ്റേഷനുകളിലും തുടർച്ചയായ സുരക്ഷാ പരിശോധനകൾ നടത്തേണ്ടതുണ്ട്. ലൈനിൽ സ്പെയ്സർ സ്ഥാപിക്കുക എന്നത് താൽക്കാലികമായ പ്രവർത്തിയാണ്.

റീ കണ്ടക്ടറിംഗ് നടത്തിയാൽ മാത്രമേ കമ്പി പൊട്ടിയുള്ള അപകടങ്ങൾ ഒഴിവാക്കാനാകുകയുള്ളൂ എന്നും KEOF പ്രതിനിധി അഭിപ്രായപ്പെട്ടു. ജനറേഷൻ മേഖലയിൽ കൃത്യമായ ഇടവേളകളിൽ പരിശോധനകൾ നടത്തേണ്ടതാകുന്നു. 2022 അപകടരഹിതമാക്കുന്നതിനു വേണ്ടിയുള്ള സേഫ്റ്റി വിംഗിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ പിന്തുണയും സംഘടന നൽകുന്നതാണ്.

ശ്രീ. നൌഷാദ് എസ്., KEOC

കോവിഡ് സാഹചര്യം മൂലം, മെറ്റീരിയൽസ് പർചെയ്സ് ചെയ്യുന്നതിനു ഫാക്ടറിയിൽ

പോയി പരിശോധന നടത്തുന്നതിന് പകരം ഓൺ ലൈൻ ഇൻസ്പെക്ഷനാണ് നടന്നുവരുന്നത്. ഇത് മെറ്റീരിയൽസിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ സാധിക്കാതെ വരുന്നു. അതിനാൽ തുടർന്നും ഫാക്ടറിയിൽ പോയി പരിശോധന നടത്തുന്നതിന് നിർദ്ദേശം നൽകേണ്ടതാണ്. KFON നുവേണ്ടി ജോലി ചെയ്യുന്ന തൊഴിലാളികൾ സൂപ്പർവൈസറുടെ സാന്നിധ്യമില്ലാതെ ലൈനുകൾക്ക് സമീപം അശ്രദ്ധമായി ജോലി ചെയ്യുന്നത് അപകട സാധ്യത ഉണ്ടാക്കുന്നു. അതിനാൽ സൂപ്പർവൈസറുടെ സാന്നിധ്യത്തിൽ മതിയായ സുരക്ഷാ ക്രമീകരണങ്ങളോടു കൂടി മാത്രം വർക്ക് ചെയ്യുന്നതിനുവേണ്ട നിർദ്ദേശം KFON ന്റെ മേലധികാരികൾക്ക് ചീഫ് സേഫ്റ്റി കമ്മീഷണർ നൽകണമെന്നും KEOC പ്രതിനിധി ശ്രീ. നൌഷാദ് ആവശ്യപ്പെട്ടു. സോളാർ പ്രൊജക്റ്റ്കളിൽ ആന്റി ഐലന്റിംഗ് ടെസ്റ്റ് നടത്തിയ ശേഷം മാത്രമേ ഗ്രിഡിലേയ്ക്ക് കണക്ട് ചെയ്യുവാൻ പാടുള്ളൂ. ലൈനിൽ സ്പെയ്സർ സ്ഥാപിക്കുന്നതിനുവേണ്ടി തൃശ്ശൂർ കോർപ്പറേഷൻ ഉപയോഗിച്ചുവരുന്ന തരം ഏരിയൽ ലിഫ്റ്റ് കെ.എസ്.ഇ.ബി.യ്ക്കും ഉപയോഗിക്കാവുന്നതാണ്. നിലവിൽ ഉപയോഗിച്ചു വരുന്ന കോൺക്രീറ്റ് പോസ്റ്റ്കൾ വളരെ പെട്ടെന്ന് ഒടിയുന്ന സാഹചര്യമുള്ളതിനാൽ അവയ്ക്കു പകരം എ പോൾ സ്ഥാപിക്കുന്നത് ബോർഡിന് ഗുണകരമാണ്. ക്രോസിംഗ് ഉള്ള ഭാഗങ്ങളിൽ ലൈനിന് ഗാർഡിംഗ് നിർബന്ധമായും നൽകണം. സോളാർ കണക്ഷനുള്ള സ്ഥലങ്ങളിൽ റിവേർസ് പവർ ബ്ലോക്ക് റിലെ സംവിധാനം കൂടി ഉൾപ്പെടുത്തേണ്ടാതാണെന്ന് അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ മറുപടിയായി അഭിപ്രായപ്പെട്ടു.

ശ്രീ. റാം മഹേഷ് ആർ, ചീഫ് പെഴ്സണൽ ഓഫീസർ

അപകടം കുറയ്ക്കുക എന്നതിനെക്കാൾ അപകടമില്ലാതാക്കുക എന്ന നിലയിലേക്ക് നാം എത്തേണ്ടതുണ്ടെന്ന് ചീഫ് പെഴ്സണൽ ഓഫീസർ ശ്രീ. റാം മഹേഷ് ആർ അഭിപ്രായപ്പെട്ടു. ഈ വർഷം ഇതുവരെ മാത്രം 50 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകി കഴിഞ്ഞിട്ടുണ്ട്. അതിൽ പബ്ലിക്കിന് മാത്രം 24 ലക്ഷം തുകയാണ് നൽകിയിരിക്കുന്നത്.

ശ്രീമതി. ലീലാമ്മ എ. (ഡിസ്ട്രിബ്യൂഷൻ & ഐ. റ്റി..)ഡയറക്ടറുടെ ടി.എ.

കമ്പി പൊട്ടിവീണുണ്ടാകുന്ന വൈദ്യുത അപകടങ്ങൾ കുറയ്ക്കുന്നതിനായി 23 ലക്ഷം സ്പെയ്സർകൾ സ്ഥാപിക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. 75 ലക്ഷം രൂപയുടെ ഗവൺമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി ഇലക്ട്രിക്കൽ ഇൻസ്പെക്ടര്റേറ്റിന്റെ സഹായത്തോടെ പേട്ട ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ എഗ്ഗ് ഇൻസുലേറ്റർ ഉപയോഗിച്ച് പോൾ മൌണ്ടഡ് ഗാർഡിംഗ് പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ

പാലക്കാട്, മൂവാറ്റുപുഴ എന്നീ സ്ഥലങ്ങളിലും സ്ഥാപിച്ചു വരുന്നുണ്ട്. ലൈനിൽ സ്പെയ്സർ സ്ഥാപിക്കുന്നതിനുവേണ്ടി ഏറണാകുളം ജില്ലയിൽ പരീക്ഷണാടിസ്ഥാനത്തിൽ ഏരിയൽ ലിഫ്റ്റ് വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ദ്യുതി സ്കീമിൽ ഉൾപ്പെടുത്തി UG കേബിൾ, കവേർഡ് കണ്ടക്ടർ, AB കേബിൾ എന്നിവ സ്ഥാപിക്കുന്നതിന് 4050 കോടി രൂപയുടെ ടാർജെറ്റ് നിശ്ചയിച്ചിരുന്നെങ്കിലും പ്രളയം, കോവിഡ് സാഹചര്യം തുടങ്ങിയ പ്രതികൂല സാഹചര്യങ്ങൾ നിമിത്തം 1700 കോടി രൂപയുടെ വർക്കുകൾ മാത്രമേ ചെയ്യുവാൻ സാധിച്ചുള്ളൂ.

ഡയറക്ടർ (പ്ലാനിംഗ്, സേഫ്റ്റി & എസ്.സി.എം.)ന്റെ മറുപടിയും നിർദ്ദേശങ്ങളും

ജനറേറ്റിംഗ് സ്റ്റേഷനുകളിൽ തുടർന്നും സുരക്ഷാ ഇൻസ്പെക്ഷനുകൾക്ക് ഒരു കുറവും വരുത്തരുത്.

ജനറേറ്റിംഗ് സ്റ്റേഷനുകളിൽ പെൻ സ്റ്റോക്ക്, മാൻ ഹോൾ എന്നിവ പട്രോളിംഗ് നടത്തണമെന്ന് ഡയറക്ടർ, ജനറേഷൻ സിവിൽ വിംഗിന് നോട്ട് നൽകുന്നതാണ്.

ട്രാൻസ്മിഷൻ മേഖലയിൽ ലൈൻ പട്രോളിംഗ് കൂടുതൽ കാര്യക്ഷമമാക്കണം. സബ് സ്റ്റേഷനുകളിൽ വർക്ക് നടക്കുമ്പോൾ warning tape ഉപയോഗിച്ച് വർക്കിംഗ് ഏരിയ വേർതിരിച്ചു കാണിക്കണം.

ഗൌതം കമ്പനി ഇപ്പോൾ നൽകിവരുന്ന പോസ്റ്റ്കൾ ഗുണനിലവാരമുള്ളവയാണെന്ന് ഉറപ്പാക്കിയിട്ടുണ്ട്.

താഴ്ന്ന പ്ലിന്ത്കളിൽ ഇരിക്കുന്ന ട്രാൻസ്ഫോർമർകൾ വെള്ളപൊക്കം ബാധിക്കാത്ത രീതിയിൽ ഉയർത്തി സ്ഥാപിക്കണം.

എല്ലാ സെക്ഷനുകളിലും കൃത്യമായി സൺറൈസ് മീറ്റിംഗ് നടത്തുന്നതിന് നിർദ്ദേശം നൽകുന്നതാണ്.

ട്രാൻസ്ഫോർമർ എ.ബി.യും ലൈൻ എ.ബി.യും ഒരേ 4 പോൾ സ്വിച്ചറിൽ സ്ഥാപിച്ചിരിക്കുന്നത് മാറ്റി സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്.

ഇരിഞ്ഞാലക്കുട ഇലക്ട്രിക്കൽ സർക്കിളിന്റെ കീഴിൽ നടന്ന വൈദ്യുത അപകടവുമായി ബന്ധപ്പെട്ട് സബ് എഞ്ചിനീയറെ ട്രാൻസ്ഫർ ചെയ്ത നടപടിയിൽ വീഴ്ച്ച ഉണ്ടോയെന്ന് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

സെൻസർ എക്യുപ്മെന്റ് ഉള്ള ഹെൽമെറ്റ്കൾ, ACSR ഡിക്ലെറ്റർ തുടങ്ങിയവ നിർമ്മിക്കുന്നതിന് MIDEA എന്ന മാനുഫാക്ചറിംഗ് യൂണിറ്റ് ഉടൻ തന്നെ ആരംഭിക്കുന്നതാണ്.

വർക്കർമാർ പോസ്റ്റിൽ കയറുന്നതുമായി ബന്ധപ്പെട്ട വിഷയം പരിശോധിക്കുന്നതാണ്.

ഈരാറ്റുപേട്ട സബ് സ്റ്റേഷൻ കോമ്പൌണ്ടിൽ ഉപയോഗശൂന്യമായി കണ്ടക്ടറുകൾ കിടക്കുന്നതുമായി ബന്ധപ്പെട്ട വിഷയം പരിശോധിക്കുന്നതാണ്.

അനധികൃതമായും അപകടകരമായും കേബിൾ ടിവിക്കാർ വലിച്ചിരിക്കുന്ന കേബിളുകൾ മാറ്റുന്നതിന് സർക്കിൾ തലത്തിൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർ തന്നെ നിർദ്ദേശം നൽകേണ്ടതാണ്.

ലൈൻ പട്രോളിംഗ് നടത്തുമ്പോൾ സ്പാൻ നീളം കൂടിയ സ്ഥലങ്ങൾ കണ്ടെത്തി പോസ്റ്റ് ഇൻസേർഷൻ ചെയ്യേണ്ടതാണ്.

ലൈൻ പൊട്ടിവീണുണ്ടാകുന്ന വൈദ്യുത അപകടങ്ങൾ ഇല്ലാതാക്കുന്നതിന് ചെലവ് കുറഞ്ഞ നവീനമായ സംവിധാനങ്ങളുടെ സാദ്ധ്യത പരിശോധിക്കുന്നതാണ്.

PTW രജിസ്റ്റർ കൃത്യമായി പാലിക്കുന്നുണ്ടോ എന്ന് ഡെപ്യൂട്ടി സേഫ്റ്റി കമ്മിഷണർമാർ ഉറപ്പാക്കണം.

എല്ലാ സുരക്ഷാ ഉദ്യോഗസ്ഥരും സുരക്ഷാ പരിശോധനകൾ കൃത്യമായി നടത്തേണ്ടതാണ്. സുരക്ഷാ ഉദ്യോഗസ്ഥൻമാർ സുരക്ഷാ പരിശോധന നടത്തുന്നുണ്ടോ എന്ന് ചീഫ് സേഫ്റ്റി ഓഫീസർമാർ പരിശോധിക്കേണ്ടതാണ്.

KFON ന്റെ വർക്കുകളിൽ സൂപ്പർവൈസറുടെ അഭാവം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം.

ഇൻവേർട്ടർ,ജനറേറ്റർ മുതലായവയിൽ നിന്നുള്ള വൈദ്യുത അപകടം ഉണ്ടാകാതിരിക്കുന്നതിനു വേണ്ടി സ്മാർട്ട് മീറ്ററിൽ റിവേർസ് കറണ്ട് ബ്ലോക്ക് റിലേ സ്ഥാപിക്കുന്നത് സാധ്യമാണോ എന്ന് പരിശോധിക്കുന്നതാണ്.

സോളാർ കണക്ഷനുകളിൽ ആന്റി ഐലണ്ടിംഗ് ടെസ്റ്റ് നിർബന്ധമായും നടത്തിയിരിക്കണം. കൺസ്യൂമർ പ്രിമൈസസിൽ സംഭവിക്കുന്ന വൈദ്യുതി അപകടങ്ങൾ കുറയ്ക്കുന്നതിന് എല്ലാ പ്രിമൈസസുകളിലും ELCB സ്ഥാപിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കണം.

സബ് എൻജിനിയർമാർ ട്രാൻസ്ഫറായി പോകുന്ന സമയത്ത് 11 KV ഫീഡറുകളുടെ സിംഗിൾ ലൈൻ ഡയഗ്രം അപ്ഡേറ്റ് ചെയ്ത് പുതിയ സബ് എൻജിനിയർക്ക് കൈമാറേണ്ടതാണ്.

ക്രോസ് കണ്ട്രിയായി വലിച്ചിരിക്കുന്ന ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനായി KSREC യുടെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

വാഹനങ്ങൾ പോസ്റ്റിൽ തട്ടിയുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി റോഡുകളുടെ

വളവുകളിൽ സ്ഥാപിച്ചിരിക്കുന്ന ഇലക്ട്രിക് പോസ്റ്റ്കളിൽ ഫ്ലറസെന്റ് ടേപ്പ് ഉപയോഗിച്ച് അടയാളം രേഖപ്പെടുത്തേണ്ടതാണ്.

യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും ചീഫ് സേഫ്റ്റി കമ്മീഷണർ നന്ദി അറിയിച്ചു.

ഉച്ചയ്ക്ക് 1.45 ന് മീറ്റിംഗ് അവസാനിച്ചു.

ചീഫ് എഞ്ചിനീയർ (REES) & ചീഫ് സേഫ്റ്റി കമ്മീഷണർ